8

# ക്രിസ്തു വരുന്നു!

**വായനാ പ്രവർത്തനം #1**

I. തന്റെ ശുശ്രൂഷക്കു മുമ്പുള്ള യേശുവിന്റെ ജീവിത കാലയളവ്.
- A. ലൂക്കൊസിന്റെ ആമുഖവും സമർപ്പണവും (ലൂക്കൊ. 1:1–4).
- B. യോഹന്നാന്റെ മുഖവുര (യോഹ. 1:1–18).
- C. മത്തായിയുടെ വിവരണത്തിൽ യേശുവിന്റെ വംശാവലി (മത്താ. 1:1–17).
- D. യേശുവിന്റെ വംശാവലി ലൂക്കൊസിന്റെ വിവരണത്തിൽ (ലൂക്കൊ. 3:23–38).
- E. യോഹന്നാൻ സ്നാപകന്റെ ജനനത്തെകുറിച്ച് ദൂതൻ സെഖര്യാ വിനോടു പറഞ്ഞു (ലൂക്കൊ. 1:5–25).
- F. യേശുവിന്റെ ജനനത്തെ കുറിച്ച് ദൂതൻ മറിയയോടു പറഞ്ഞു (ലൂക്കൊ. 1:26–38).
- G. മറിയ (യേശുവിനെ ഗർഭം ധരിച്ച അമ്മ) എലിശബത്തിനെ (യോഹന്നാൻ സ്നാപകനെ ഗർഭം ധരിച്ച അമ്മ) സന്ദർശിക്കുന്നു (ലൂക്കൊ. 1:39–56).[1]
- H. യോഹന്നാൻ സ്നാപകന്റെ ജനനവും പ്രാരംഭ ജീവിതവും (ലൂക്കൊ 1:57–80).

**മുഖവുര (ലൂക്കൊ. 1:1-4)**

ലൂക്കൊസ് തന്റെ സുവിശേഷ വിവരണത്തിനുള്ള മുഖവുരയിൽ, ഇങ്ങനെ എഴുതി, "നിനക്കു ഉപദേശം ലഭിച്ചിരിക്കുന്ന വാർത്തയുടെ നിശ്ചയം നീ അറിയേണ്ടതിന്നു ... അതു [ക്രിസ്തുവിന്റെ ജീവിതം] ക്രമമായി എഴുതുന്നതു നന്നെന്നു ... ആദിമുതൽ സകലവും സൂക്ഷ്മമായി പരിശോധിച്ചിട്ട് എനിക്കും തോന്നിയിരിക്കുന്നു" (വാ. 3, 4).[2] യേശുവിനെ കുറിച്ചുള്ള "യഥാർത്ഥ സത്യം" നിങ്ങളെ അറിയുവാൻ സഹായി ക്കണം എന്ന ഉദ്ദേശമാണ് ഈ പഠനത്തിന്റെ അടിസ്ഥാന ലക്ഷ്യം. അവന്റെ ജനനത്തെ പ്രതീക്ഷിക്കുന്ന സുവിശേഷവിവരണത്തിലെ മുഖവുരയെ കുറിച്ചുള്ള ആശയങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് നമ്മുടെ ആദ്യത്തെ പാഠം. ഈ പാഠത്തിന്റെ മുഖ്യ വിഷയം "ക്രിസ്തു വരുന്നു!" എന്നതാണ്.

**മുൻപായുള്ള ജനനത്തെ ഊന്നിയിരിക്കുന്നു (യോഹ. 1:1-18)[3]**

ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ച് നാം ചിന്തിക്കുമ്പോൾ, നാം ബേത്ത്ലേഹെമിലെ അവന്റെ ജനനത്തോടുകൂടിയാണ് സാധാരണ ആരംഭിക്കുന്നത്. ആ സംഭവത്തിനു വളരെ മുൻപു തന്നെ യേശു ഉണ്ടായിരുന്നു എന്ന് തന്റെ വായനക്കാർ അറിയുവാൻ യോഹന്നാൻ ആഗ്രഹിച്ചു. അവൻ ലോകസൃഷ്ടിക്കുപോലും മുൻപു ഉണ്ടായിരുന്നു – കാരണം അവൻ, വാസ്തവത്തിൽ, ദൈവം ആണ്:

ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെയായിരുന്നു, വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി,[4] ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല (യോഹന്നാൻ 1:1–3).

കെജെവി "ദിവ്യത്വം" എന്നു വിളിക്കുന്നതിൽ ഉൾക്കൊണ്ടിരി ക്കുന്ന മൂന്നു ദിവ്യവ്യക്തികളിൽ ഒരാളാണ് യേശു (പ്രവൃത്തികൾ 17:29; റോമർ 1:20; കൊലൊസ്യർ 2:9). മത്തായി 28:19–ൽ മൂന്നുപേരെയും കുറിച്ചു പറഞ്ഞിരിക്കുന്നു: അതായത് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. യേശു ദൈവം ആണെന്ന ആശയം മനസിലാക്കുവാൻ എളുപ്പമല്ല. നാം "ദൈവം" എന്ന വാക്ക് സാധാരണ ഉപയോഗിക്കുമ്പോൾ, അതു പിതാവായ, ദൈവ ത്തെയാണ് സൂചിപ്പിക്കുന്നത്. ഒരു നിമിഷ ത്തേക്ക്, നിങ്ങളുടെ മനസിൽ യേശു, പുത്രനായ ദൈവമാണ് എന്ന ആശയത്തെ സങ്കല്പിക്കുക. നമ്മുടെ പരമ്പര തുടരുമ്പോൾ നാം യേശുവിന്റെ ദിവ്യത്വത്തെ കുറിച്ചു കൂടുതലായി അറിയും.

വീണ്ടും, നാം യേശുവിനെ കുറിച്ചു ചിന്തിക്കുമ്പോൾ, നമ്മുടെ മനസി ലേക്ക് സാധാരണ വരുന്ന അവന്റെ പേര് എപ്പോഴും ഒന്നുകിൽ "യേശു" അല്ലെങ്കിൽ "ക്രിസ്തു" എന്നായിരിക്കും. എങ്ങനെയായാലും, മറിയ ഗർഭം ധരിച്ചതിനെ കുറിച്ചു യോസേഫിനോട് ദൂതൻ പറഞ്ഞ പ്പോൾ, അവൻ പറഞ്ഞു, "നീ അവന്നു യേശു എന്നു പേർ *ഇടേണം*" (മത്തായി 1:21; എംഫ സിസ് മൈൻ). "ക്രിസ്തു" എന്ന പേരിനെ കുറിച്ച് ("അഭിഷിക്തൻ") പറ യുകയാണെങ്കിൽ, യേശു പരിശുദ്ധാത്മാവോടു കൂടി ദൈവത്താൽ അഭി ഷിക്തനായി തീർന്നു (ലൂക്കൊസ് 4:18; പ്രവൃത്തികൾ 10:38) അതു അവന്റെ സ്നാനത്തിലായിരുന്നു (മത്തായി 3:13–17). തന്റെ പരസ്യ ശുശ്രൂഷക്കു *മുൻപു* യേശുവിന്റെ പേർ എന്തായിരുന്നു?[5]

യേശു ഭൂമിയിലേക്കു വരുന്നതിനു മുൻപ് – "വചനം എന്ന" – *ലോഗോസ്*[6] ആയിരുന്നു എന്നാണ് യോഹന്നാൻ പറഞ്ഞതു. ദൈവവചനം പ്രതിനിധീകരിക്കുന്ന വ്യക്തിയായിട്ടാണ് ക്രിസ്തു ഈ ഭൂമിയിലേക്കു വന്നത്. 1:18–ൽ യോഹന്നാൻ എഴുതി, "ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ വെളിപ്പെ ടുത്തിയിരിക്കുന്നു.'' യേശു, തന്റെ ഉപദേശത്താലും വ്യക്തിത്വത്താലും, ദൈവത്തെ "വിശദമാക്കി." അവൻ ഫിലിപ്പൊസിനോടു പറഞ്ഞു, "... എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു ..." (യോഹന്നാൻ 14:9).

യോഹന്നാന്റെ മുഖവുരയിലെ ഏറ്റവും കൂടുതൽ ചിന്തിപ്പിക്കുന്ന ഭാഗം വാക്യം 14 ആണ്: "വചനം ജഡമായിതീർന്നു, നമ്മുടെ ഇടയിൽ പാർത്തു. ..." നാം അതിനെ "അവതാരം" എന്നു വിളിക്കുന്നു (ലാറ്റിൻ പദപ്രയോഗത്തിൽ നിന്നുള്ളത് അർത്ഥം "ജഡം പോലെ ആയി"[7]). അവതാരത്തെ സംബന്ധിച്ചു പ്രത്യേക ബൈബിൾ പ്രസ്താവന നൽ കുന്ന ഭാഗം ഫിലിപ്പിയർ 2:5–8 ആണ്. അവതാരത്തിന്റെ എല്ലാ നിഗൂഢ തകളും നമുക്ക് ഒരിക്കലും മനസിലാക്കു വാൻ സാധ്യമല്ല, എന്നാൽ വിശ്വാസത്താൽ "വചനം ജഡമായി തീർന്നു" എന്ന ആ വലിയ സത്യത്തെ നാം സ്വീകരിക്കുന്നു. എബ്രായലേഖകൻ എഴുതി,

അതുകൊണ്ടു ... അവൻ കരുണയുള്ളവനും ദൈവകാര്യത്തിൽ വിശ്വസ്ത

> മഹാപുരോഹിതനും ആകേണ്ടതിന്നു, സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശനായിത്തീരുവാൻ ആവശ്യമായിരുന്നു. ... താൻ തന്നേ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ, പരീക്ഷിക്കപ്പെടുന്ന വർക്കു സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു (എബ്രായർ 2:17, 18).

യോഹന്നാനു തന്റെ മുഖവുരയിൽ ധാരാളം പറയുവാനുണ്ട്. (1) യേശു വെളിച്ചമാകുന്നു (പ്രകാശത്തിന്റെ ഉറവിടം) (വാ. 4, 5, 9; കൂടാതെ വാ. 16–18 നോക്കുക).[8] (2) യേശുവിന്നു മുന്നോടിയായി വന്നവൻ വെളിച്ചത്തിനു സാക്ഷ്യം വഹിച്ചു (വാ. 6–8, 15). (3) ഇരുട്ടിലുള്ള ലോകം വെളിച്ചത്തെ ത്യജിച്ചു (വാ. 5, 10, 11). (4) വിശ്വാസത്താലും ആത്മിയ ജനനത്താലും[9] – കുറെ പേർ മാത്രം വെളിച്ചത്തെ സ്വീകരിച്ചു (വാ. 12, 13). എങ്ങനെയായാലും, ഒരു നിമിഷത്തേക്ക്, നമുക്ക് ക്രിസ്തുവിന്റെ മുൻപായുള്ള ജനനത്തിന്റെ യഥാർത്ഥ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാം.

## പ്രവചനങ്ങൾ നിറവേറപ്പെട്ടു
## (മത്താ. 1:1-17; ലൂക്കൊ. 3:23-38)

### മത്തായിയുടെ സുവിശേഷത്തിലെ വംശാവലി (മത്താ. 1:1-17)

ലൂക്കൊസിന്റെയും യോഹന്നാന്റെയും സുവിശേഷത്തിലുള്ളതുപോലെ ഒരു ഔപചാരിക ആമുഖം മത്തായിയുടെ സുവിശേഷത്തിലില്ല. മറിച്ച്, യെഹൂദന്മാർ നോക്കിക്കൊണ്ടിരുന്ന മശിഹയാണ് യേശു എന്ന ഊന്നലിലേക്കാണ് മത്തായി പെട്ടെന്നു പോകുന്നത്. അവൻ തുടങ്ങി, “അബ്രഹാമിന്റെ പുത്രനായ, ദാവീദിന്റെ പുത്രനായ, യേശുക്രിസ്തുവിന്റെ വംശാവലി” (വാ. 1). കെൻ ഗിരേ പറഞ്ഞു, “മത്തായി തന്റെ സുവിശേഷത്തിനുള്ള ഒരു ആമുഖകുറിപ്പായി ഒരു കുടുംബവൃക്ഷത്തെ ചിത്രീകരിക്കുന്നു. ആ വൃക്ഷം വേരൂന്നിയിരിക്കുന്നതു, യിസ്രായേലിന്റെ മഹാപിതാവായ അബ്രഹാമിലും, രാജാവായ, ദാവീദിലുമായിരുന്നു.”[10] പഴയനിയമ പ്രവചനം അനുസരിച്ച്, മശിഹ അബ്രഹാമിന്റെ സന്തതിയായും (ഉല്പത്തി 22:18; നോക്കുക ഗലാത്യർ 3:16) ദാവീദിന്റെ സന്തതിയായും വരണം (നോക്കുക 2 ശമുവേൽ 7:16; യോഹന്നാൻ 7:42).

അതുകൊണ്ടു മത്തായി കുടുംബവൃക്ഷം അബ്രഹാമിനോടുകൂടെ ആരംഭിച്ചു (വാ. 2), ദാവീദിൽ കൂടെ കടന്നു (വാ. 6, 7), യേശുവിലേക്കു തുടരുന്നു (വാ. 16). അവന്റെ ലിസ്റ്റിനെ മൂന്നുഭാഗങ്ങളായിതിരിക്കാം – (1) അബ്രഹാം മുതൽ ദാവീദ് വരെയും, (2) ദാവീദ് മുതൽ നാടുകടത്തൽവരെയും, (3) നാടുകടത്തൽ മുതൽ യേശു വരെയും – ഓരോന്നിലും പതിന്നാലു പേരുകളുമുണ്ട് (വാ. 17).[11] ഒന്നാമത്തെ ഭാഗത്തിലും രണ്ടാമത്തെ ഭാഗത്തിലും പതിന്നാലു പേരുകളിൽ ദാവീദിന്റെ പേര് ഉൾപ്പെടുന്നുണ്ട്. ദൈവത്തിന്റെ ഉദ്ദേശങ്ങൾ നിറവേറ്റുന്നതിൽ വലിയൊരു പങ്ക് നിർവ്വഹിച്ചതിനെയായിരിക്കാം ദാവീദിന്റെ പേർ രണ്ടുപ്രാവശ്യം ഉപയോഗിച്ചിരിക്കുന്നത് കാണിക്കുന്നത്.

പഴയനിയമത്തിലെ പേരുകൾ നോക്കി കാണുന്നതുവരെ മത്തായി 1:1–17 ലെ ലിസ്റ്റ് ഒരുപക്ഷെ നിങ്ങളെ മുഷിപ്പിക്കുന്നതായി തോന്നാം. എഫ്. ലഗാർഡ് സ്മിത്ത് പറഞ്ഞു,

> പല സന്തോഷകരമായ വിസ്മയങ്ങളും മത്തായിയുടെ വംശാവലിയിൽ ഉൾപ്പെട്ടിട്ടുണ്ട്. യേശുവിന്റെ പ്രാരംഭ വേരുകളിൽ അബ്രഹാമിനെയും ദാവീദിനെയും പോലെ ശ്രദ്ധിക്കത്തക്ക നീതിമാന്മാർമാത്രമല്ല ഉണ്ടായിരുന്നതു, അനീതിയാൽ ചരിത്രത്തിനു പുറത്തായ പലരും ഉണ്ടായിരുന്നു, അവരിൽ ദുഷ്ടരാജാവായിരുന്ന മനശ്ശെയും ഉൾപ്പെട്ടിരുന്നു. പ്രതീക്ഷിക്കുന്നതു പോലെ, അവിടെ യെഹൂദന്മാർ മാത്രമായിരുന്നില്ല ഉണ്ടായിരുന്നത്, തങ്ങളുടെ ദേശക്കാരിൽ ദൈവജനത്തിന്റെ ശത്രുക്കളായിരുന്ന ഒരു കനാന്യനും, ഒരു മോവാബ്യനും ഉൾപ്പെടെ, ജാതികളും ഉണ്ടായിരുന്നു. ആ സമയത്തെ സാമൂഹ്യ നിലവാരത്തിന്റെ കാഴ്ച്ചപ്പാടിൽ, അതിലും അതിശയകരമായ ഒന്നായിരുന്നു, പുരുഷന്മാർക്കൊപ്പം സ്ത്രീകളുടെയും പേരുകൾ നൽകുന്നത്. അതിലുപരിയായി, കുറഞ്ഞത് രണ്ടു സ്ത്രീകൾ അവർ ചെയ്ത പാപങ്ങൾ കൊണ്ട് നന്നായി അറിയപ്പെട്ടിരുന്നു.[12]

ആ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ചിലർ പ്രസിദ്ധരായ വ്യക്തികളായിരുന്നു, ചിലർ അത്ര പ്രസിദ്ധരല്ലായിരുന്നു, കൂടാതെ ചിലർ (വേദനാജനകമായ ആത്മാർത്ഥതയുള്ളവരായ) നികൃഷ്ടരുമായിരുന്നു. ഗിരേ നിരീക്ഷിച്ചതുപോലെ, “രക്ഷകന്റെ കുടുംബവൃക്ഷം വളഞ്ഞ ചുള്ളിക്കമ്പുകളും ഒടിഞ്ഞ ശിഖരങ്ങളുമുള്ള, നശിച്ചതും കായ്ക്കാത്തതുമായ ഒന്നായിരുന്നു.”[13] മനുഷ്യന്റെ ബലഹീനതകൾക്കു പുറമെ (കഠിന സ്വഭാവമുണ്ടെങ്കിൽ പോലും) ദൈവത്തിനു തന്റെ ഉദ്ദേശം നിറവേറ്റുവാൻ കഴിയുമെന്നതിനു തെളിവു നമുക്ക് എപ്പോഴെങ്കിലും ആവശ്യമാണെങ്കിൽ, അവ ധാരാളമായി മത്തായിയുടെ വംശാവലിയിൽ നൽകിയിട്ടുണ്ട്!

**ലൂക്കൊസിന്റെ വംശാവലി (ലൂക്കൊ. 3:23-38)**

ലൂക്കൊസും ഒരു വംശാവലി നല്കുന്നുണ്ട്, പക്ഷെ അതു പുസ്തകത്തിന്റെ ആരംഭത്തിലല്ല എന്നു മാത്രം. അദ്ധ്യായം 3–ൽ കാണപ്പെടുന്ന അതിന് മത്തായിയുടെ ലിസ്റ്റിലേതിൽനിന്നു വ്യത്യസ്തമായ ഉദ്ദേശമാണ് ഉള്ളത്. മത്തായിയുടെ വംശാവലി ആരംഭിക്കുന്നതു അബ്രഹാമിൽ നിന്നാണ് (മത്തായി 1:1, 2) യെഹൂദന്മാരോടുള്ള യേശുവിന്റെ ബന്ധത്തെ എടുത്തു കാണിക്കുകയും ചെയ്യുന്നു. ലൂക്കൊസിന്റെ വംശാവലിയുടെ നശ്വരമായ ഭാഗം ചെന്നെത്തുന്നതു ആദാമിലാണ് (ലൂക്കൊസ് 3:38) അതിൽ യേശുവിന്റെ ബന്ധം എല്ലാവരോടുമാണെന്നും കാണിക്കുന്നു.

യേശുവിന്റെ വംശാവലിയെ കുറിച്ചു മത്തായിയും ലൂക്കൊസും നല്കുന്ന വിവരണങ്ങളിൽ അതിശയിപ്പിക്കുന്ന വ്യത്യാസം കാണാം.രണ്ടും കാണിക്കുന്നത് യേശു അബ്രഹാമിന്റെയും (മത്തായി 1:2; ലൂക്കൊസ് 3:34) ദാവീദിന്റെയും (മത്തായി 1:6; ലൂക്കൊസ് 3:31) സന്തതിയാണെന്നാണ്, എന്നാൽ രണ്ടു ലിസ്റ്റിലുമുള്ള മറ്റു പേരുകൾ കൂടുതലും വ്യത്യസ്തമാണ്.[14]

വ്യത്യാസത്തെ കുറിച്ചു പല തരത്തിലുള്ള നിർദ്ദേശങ്ങൾ നൽകു ന്നുണ്ട്. ലൂക്കൊസ് *മറിയ*[15] മുഖാന്തരമുള്ള യേശുവിന്റെ *ജഢപ്രകാര*മുള്ള വംശാവലി നൽകുമ്പോൾ *യോസേഫു*[16] മുഖാന്തരമുള്ള യേശുവിന്റെ *നിയമപരമായ* വംശാവലിയാണ് – ഏറ്റവും ലളിതവും – ഒരുപക്ഷെ ഏറ്റവും നല്ലതും. ഈ തീർപ്പ് നമുക്ക് യൂസേബിയസിന്റേതു പോലെയുള്ള വളരെ പഴയ ക്രിസ്തീയ എഴുത്തുകളിൽ കാണാം (സി.ഏ.ഡി. 260–340).[17] യോസേഫിന്റെ

കാഴ്ച്ചപ്പാടിൽ നിന്നു ക്രിസ്തുവിന്റെ ജനനത്തെ കുറിച്ച് മത്തായി നൽകുന്ന ഊന്നലും (മത്തായി 1:18–25; 2:13–15, 19–23) മറിയയുടെ കാഴ്ച്ചപ്പാടിൽ നിന്നു ക്രിസ്തുവിന്റെ ജനനത്തെ കുറിച്ച് ലൂക്കൊസ് നൽകുന്ന ഊന്നലും തമ്മിൽ ബന്ധ പ്പെട്ടിരിക്കുന്നു (ലൂക്കൊസ് 1:26–56; 2:1–20 [ശ്രദ്ധിക്കുക 2:19]). അതിന് മത്തായിയുടെ യെഹൂദ ഊന്നലും ലൂക്കൊസിന്റെ ഗ്രീക്ക് ഊന്നലുമായും ബന്ധം ഉണ്ട്.[18]

ഈ കാഴ്ച്ചപ്പാടുമായി ബന്ധപ്പെട്ടുള്ള ആദ്യത്തെ ബുദ്ധിമുട്ട് എന്തെന്നാൽ ലൂക്കൊസിന്റെ വംശാവലിയിൽ മറിയയെ സൂചിപ്പിച്ചു കാണുന്നില്ല എന്നതാണ്.[19] എങ്ങനെയായാലും, യോസേഫിൽകൂടെ ആയിരുന്നില്ല യേശുവിന്റെ വംശാവലി ലൂക്കൊസ് നൽകിയത് എന്നു സൂചിപ്പിച്ചുകൊണ്ട്, യേശു യോസേഫിന്റെ വാസ്തവത്തിലുള്ള സന്തതി അല്ല എന്ന് ("യോസേഫിന്റെ മകൻ, എന്ന രീതിയിൽ, കരുതപ്പെടുന്നതു പോലെ"), വേദഭാഗം അന്തർലീനമാക്കുന്നതു ശ്രദ്ധിക്കുക. യോസേഫിൽ കൂടെ നല്കുന്നില്ല എങ്കിൽ, ആരിൽ കൂടെയാണ് നൽകുന്നത്? ലളിതമായ ഉത്തരം മറിയയിൽ കൂടെയാണ് യേശുവിന്റെ വംശാവലി ലൂക്കൊസ് നല്കുന്നത് എന്നാണ്. "ഏലിയുടെ മകൻ" എന്നതിൽ യേശുവിനെയാണ് സൂചിപ്പിച്ചത്, അല്ലാതെ യോസേഫിനെ അല്ല എന്നതുകൊണ്ട് "അവൻ, യോസേഫിന്റെ മകൻ, എന്നു വിചാരിച്ചു" എന്ന പദപ്രയോഗത്തെ, ഇടക്ക് ചേർത്തതായി കരുതാം. ഏ. റ്റി. റോബെർട്ട്സൺ എഴുതി, "യേശു അതുകൊണ്ടു ഹേലിയുടെ[20] പേരക്കുട്ടിയാകും, അതു 'മകൻ'[21] എന്നതിന്റെ അംഗീകാര്യമായ അർത്ഥത്തിലാണ്."

യേശു ദാവീദിന്റെ നിയമപരമായ പിൻഗാമിയാണെന്നു മത്തായി ഊന്നൽ കൊടുക്കുമ്പോൾ, യേശു ജഡപ്രകാരം ദാവീദിന്റെ പിൻഗാമി യാണെന്ന ഊന്നലാണ് ലൂക്കൊസ് നല്കുന്നത്. മത്തായി ദാവീദിന്റെ മകനായിരുന്ന ശലോമോൻ രാജാവിൽകൂടിയുള്ള വംശാവലി വരച്ചു കാണിക്കുമ്പോൾ, ദാവീദിന്റെ മകൻ നാഥാനിൽ കൂടിയുള്ള വംശാ വലിയാണ് ലൂക്കൊസ് വരച്ചു കാണിക്കുന്നത് (2 ശമുവേൽ 5:14). "ദാവീദിൽ നിന്നുള്ള യേശുവിന്റെ വംശാവലി" എന്ന ചിത്രം രണ്ടു വംശാവലികളെയും ചിത്രീകരിച്ചു കാണിക്കുന്നു. രണ്ടു വംശാവലി യുടെ ലിസ്റ്റുകളിലും പറയുന്ന സെരുബാബേൽ ഒന്നു തന്നെയാണെ ങ്കിൽ, രണ്ടു വംശാവലികളും




*ദാവീദിൽനിന്നുള്ള യേശുവിന്റെ വംശാവലി*

മദ്ധ്യത്തിൽ ഒന്നിക്കുകയും പിന്നെ വീണ്ടും വേർപിരിയുകയും ചെയ്യുന്നു.[22]

സുവിശേഷങ്ങളിൽ തന്നിരിക്കുന്ന രണ്ടു വംശാവലികളും 2 ശമുവേൽ 7:16–ലെ പ്രവചനം നിറവേറുന്നതായിരുന്നു എന്നതിൽ ഒരു സംശയവും അവശേഷിപ്പിക്കുന്നില്ല.

**നടത്തിയ വാഗ്ദാനങ്ങൾ (ലൂക്കൊ. 1:5-38)**

ക്രിസ്തുവിന്റെ വരവിനു തൊട്ടുമുൻപു സംഭവിച്ച കാര്യങ്ങൾ മുഴുവനും ലൂക്കൊസിന്റെ വിവരണങ്ങളിൽ ഉണ്ട്. നടത്തിയ വാഗ്ദാനങ്ങളെ കുറിച്ചുള്ള രണ്ടു സംഭവങ്ങളുമായി ലൂക്കൊസ് തന്റെ മുഖവുര തുടരുന്നു.

**സെഖര്യാവിനോടുള്ള വാഗ്ദാനം (വാ. 5–25)**

യെരുശലേം ദൈവാലയത്തിൽ വെച്ചായിരുന്നു ആദ്യത്തെ വാഗ്ദാനം നടത്തിയത് – അതു പുരോഹിതനായിരുന്ന സെഖര്യാവിനോടായിരുന്നു.

യെരുശലേമിനു തെക്കുപടിഞ്ഞാറുള്ള മലമ്പ്രദേശത്തായിരുന്നു സെഖര്യാവ് താമസിച്ചിരുന്നത്. അവന്റെ ഭാര്യയായ, എലീശബെത്തും, അഹരോന്റെ[23] പിൻഗാമിയായിരുന്നു. രണ്ടുപേരും നീതിയും, ദൈവ ഭക്തിയും ഉള്ള വ്യക്തികളായിരുന്നു. അവരുടെ ജീവിതത്തിൽ ഒരു കുറവു മാത്രമാണ് ഉണ്ടായിരുന്നത്: അവർ മക്കളില്ലാത്ത വൃദ്ധരായിരുന്നു (വാ. 7).

പുരോഹിതന്മാരെ സാധാരണ ഇരുപത്തിനാലായി, അല്ലെങ്കിൽ ക്രമമായി തരം തിരിച്ചിരുന്നു (1 ദിനവൃത്താന്തം 24:1–19). അബീജാവിന്റെ ക്രമത്തിൽ പെട്ടവനായിരുന്നു സെഖര്യാവ് (ലൂക്കൊസ് 1:5; നോക്കുക 1 ദിനവൃത്താന്തം 24:10). ഓരോരുത്തരും താന്താന്റെ ഊഴം അനുസരിച്ച്, ആഴ്ച്ചയിൽ ഒരു പ്രാവശ്യം ആണ് ശുശ്രൂഷ ചെയ്തിരുന്നത്. ഓരോ ആഴ്ച്ചയും, ദൈവാലയ ശുശ്രൂഷക്ക് ഓരോരുത്തരെ നറുക്കിട്ടെടുക്കുകയായിരുന്നു പതിവ് (ലൂക്കൊസ് 1:9). അതിവിശുദ്ധ സ്ഥലത്തെ മറയ്ക്കുന്ന തിരശീലക്കു മുന്നിൽ ധൂപവർഗം അർപ്പിക്കുന്ന ശുശ്രൂഷയായിരുന്നു ഏറ്റവും അഭിലഷണീയമായ കർത്തവ്യം. ഒരു സാധാരണ പുരോഹിതന്നു ആ അതിവിശുദ്ധ സ്ഥലത്തോട് പരമാവധി അടുത്തു ചെല്ലാവുന്ന സ്ഥലമായിരുന്നു അത്. അത്തരം സന്ദർഭം ജീവിതത്തിൽ ഒരു പ്രാവശ്യം ലഭിക്കുന്ന ആദരണീയമായ ഒന്നായിരുന്നു.

സംഭവം ആരംഭിക്കുമ്പോൾ, ദൈവാലയ ശുശ്രൂഷ സെഖര്യാവു ചെയ്യേണ്ട ആഴ്ച്ചയായിരുന്നു – അവനു ധൂപവർഗം അർപ്പിക്കുവാനുള്ള അവസരവും കൈവന്നിരുന്നു. അവൻ വിശുദ്ധസ്ഥലത്തേക്കു നടന്നപ്പോൾ, അത് ഒരു പ്രത്യേക ദിവസമായിരുന്നു എന്നായിരിക്കാം അവൻ ചിന്തിച്ചത്. തനിക്കു പ്രതീക്ഷിക്കാവുന്നതിലധികം പ്രത്യേകതയുള്ള ദിവസമായി അതു മാറുവാനിരിക്കുന്നു – കാരണം കർത്താവിന്റെ ദൂതനായ ഗബ്രീയേൽ[24] അവന്നു പ്രത്യക്ഷനായി.

വൃദ്ധരായ സെഖര്യാവിനും എലിശബെത്തിനും ഒരു മകൻ ജനിക്കു മെന്നു ദൈവത്തിന്റെ സന്ദേശവാഹകൻ[25] ആ വൃദ്ധപുരോഹിതനോടു പറഞ്ഞു(വാ.13).[26] ആ മകൻ, "ഏലിയാവിന്റെ ആത്മാവോടും ശക്തി യോടും കൂടെ" മശിഹയുടെ മുന്നോടിയായി വരുമെന്നും, അവന്നു യോഹന്നാൻ എന്നു പേർ വിളിക്കേണം എന്നും പറഞ്ഞു (വാ. 17[27]). പുരോഹിതനു ദൂതന്റെ വാക്ക് വിശ്വസിക്കുവാൻ കഴിഞ്ഞില്ല (വാ. 18, 20). അവന്റെ അവിശ്വാസത്തിനു ഒരു ശിക്ഷയും – അടയാളവുമായി – സെഖര്യാവിനു

സംസാരിക്കുവാനുള്ള കഴിവ് നഷ്ടപ്പെട്ടു (വാ. 20).

തന്റെ ആ ആഴ്ച്ചയിലെ സേവനം പൂർത്തിയാക്കിയ ശേഷം, സെഖര്യാവ് വീട്ടിലേക്ക് മടങ്ങി (വാ. 23). ദൂതൻ മുന്നറിയിച്ചതുപോലെ അവന്റെ ഭാര്യ ഉടനെ തന്നെ ഗർഭിണിയായി (വാ. 24). "ദൈവത്തിനു ഒന്നും അസാധ്യ മായിട്ടില്ല" എന്നതു നമ്മെ എല്ലാവരേയും പോലെ, പുരോഹിതനും, പഠിക്കേണ്ടിയിരുന്നു (വാ. 37; കെജെവി).

**മറിയയോടുള്ള വാഗ്ദാനം (വാ. 26-38)**

പാലസ്തീനിലെ ഏറ്റവും വിശുദ്ധസ്ഥലത്തു വെച്ചായിരുന്നു ആദ്യത്തെ വാഗ്ദാനം ചെയ്തത്; രണ്ടാമത്തേത് ചെയ്തത് ഏറ്റവും നിന്ദ്യമായ സ്ഥലത്തുവെച്ചായിരുന്നു (യോഹന്നാൻ 1:46).

എലിശബെത്ത് ഗർഭം ധരിച്ച് ആറുമാസമായപ്പോൾ (വാ. 26, 36),[28] ഗലീലിയിലെ[29] അപ്രധാന ഗ്രാമമായ നസറേത്തിലെ ഒരു കന്യകക്ക്, ഗബ്രീയേൽ ദൂതൻ പ്രത്യക്ഷനായി. ആ യുവതി "യോസേഫ് എന്നൊരു പുരുഷന്നു വിവാഹം നിശ്ചയിച്ചിരുന്ന ഒരു കന്യക ആയിരുന്നു, ... ആ കന്യകയുടെ പേർ മറിയ എന്നായിരുന്നു" (വാ. 27).

ഗ്രീക്കുവാക്ക് തർജിമ ചെയ്ത "എൻഗേജ്ഡ്" എന്നത് സൂചിപ്പിക്കുന്നത് നമുക്ക് പലർക്കും പരിചയമുള്ള നിശ്ചയത്തേക്കാൾ കൂടുതലായി കെട്ടപ്പെടുന്ന ഒരു രീതിയെയാണ്. യെഹൂദ വിവാഹങ്ങൾക്ക് രണ്ടു ഘട്ടങ്ങൾ ഉണ്ടായിരുന്നു: ആദ്യത്തേത് സമർപ്പണാഘോഷമാണ് (അതിനെ "വിവാഹനിശ്ചയം" എന്നു വിളിച്ചിരുന്നു [മത്തായി 1:18]) പിന്നെ, കുറെ കഴിഞ്ഞാണ്,[30] വാസ്തവത്തിലുള്ള വിവാഹചടങ്ങ്. വിവാഹം പൂർത്തി യായില്ലെങ്കിലും വരനേയും വധുവിനേയും നിയമപരമായി ബാധിക്കുന്ന തായിരിക്കും ആദ്യത്തെ ആഘോഷം. ഔദ്യോഗികമായി അവർ തമ്മിൽ വിവാഹം[31] കഴിഞ്ഞില്ലെങ്കിലും മറിയ യോസേഫിനോടു നിയമപരമായി കെട്ടപ്പെട്ടുകഴിഞ്ഞിരുന്നു.

ദൂതൻ മറിയയോട് പറഞ്ഞു, "നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും, അവനു യേശു എന്നു പേർ, വിളിക്കേണം" (വാ. 31). "യേശു" എന്നത് എബ്രായ പേരായ "യോശുവ" എന്നതിന്റെ ഗ്രീക്ക് രൂപമാണ്, അതു "യഹോവയാണ് രക്ഷ" അല്ലെങ്കിൽ "യഹോവ രക്ഷിക്കുന്നു" എന്നർ ത്ഥമുള്ള ഒരു പേരിന്റെ ചുരുക്കരൂപമാണ്. അക്കാലത്തെ ഒരു സാധാരണ പേരായിരുന്നു അത്,[32] എന്നാൽ മറിയയുടെ മകനു ആ പേരിട്ടതിനു കാരണം അത് അവനു ഉചിതമായി രുന്നതുകൊണ്ടാണ് (മത്തായി 1:21).

സെഖര്യാവിൽ നിന്നു വ്യത്യസ്തമായി, മറിയ അവളോടു ദൂതൻ വാഗ്ദാനം ചെയ്തതു സംഭവി*ക്കുമെന്ന്* വിശ്വസിച്ചു (ലൂക്കൊസ് 1:45). അതെ*ങ്ങനെ* സംഭവിക്കും എന്നതിനെ കുറിച്ചു ഒരു ചോദ്യം അവൾക്കു ണ്ടായിരുന്നു:

> മറിയ ദൂതനോട്, "ഞാൻ പുരുഷനെ അറിയായ്കയാൽ, ഇതെങ്ങനെ സംഭവിക്കും?" 33 എന്നു പറഞ്ഞു അതിന്നു ദൂതൻ, "പരിശുദ്ധാ ത്മാവ് നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു

വിളിക്കപ്പെടും" (വാ. 34, 35).

ബൈബിളിൽ പറയുന്ന കന്യകാജനനം മുഴുവനായി മനസിലാക്കുവാൻ നമ്മുടെ മനുഷ്യമനസിനു പ്രയാസമാണ്, എന്നാൽ നാം അതു വിശ്വാസത്താൽ സ്വീകരിക്കുന്നു. കന്യകാജനനത്തെ കുറിച്ചുള്ള ഒരാളുടെ വിശ്വാസം എന്തുതന്നെയായാലും അതു പ്രാധാന്യമില്ലാത്തതാണ് എന്നു ചിലർ പഠിപ്പിക്കുന്നു. നമ്മുടെ വിശ്വാസത്തിനു ആ ഉപദേശം എന്തുകൊണ്ടു അത്യന്താപേക്ഷിതമാകുന്നു എന്നു കാണിക്കുന്ന ഏതാനും കാരണങ്ങൾ ജോൺ ഫ്രാങ്ക്ലിൻ കാർട്ടർ നിരത്തുന്നുണ്ട്:[34]

(1) യേശുവിന്റെ കന്യകാജനനത്തെ പുതിയനിയമം പഠിപ്പിക്കുന്നതുകൊണ്ട്, കന്യകാജനനത്തെ നിഷേധിക്കുന്നതിൽ ദൈവശ്വാസിയ തിരുവെഴുത്തിനെ നിഷേധിക്കുന്നതും ഉൾപ്പെട്ടിരിക്കുന്നു.

(2) കന്യകാജനനം "ദൈവം ജഡമായി തീരുന്ന" തിന്റെ ഒഴിച്ചു കൂടാനാവാത്ത ഭാഗമാകുന്നതുകൊണ്ട്, കന്യകാജനനത്തെ നിഷേധിക്കുന്നത് യേശുവിന്റെ പ്രാധാന്യമുള്ള ദൈവികത്വത്തെയും നശിപ്പിക്കുന്നു.

(3) കന്യകാജനനം യേശു ദൈവമാണ് എന്നതുമായി ബന്ധപ്പെട്ടിരിക്കയാൽ, കന്യകാജനനം നിഷേധിക്കുന്നത് യേശുവിന്റെ മരണത്തിന്റെ ഉദ്ദേശഫലത്തെ നിഷേധിക്കലാണ്. ഒരു മർത്യന്റെ മരണത്തിന് എങ്ങനെ മറ്റു മർത്യരുടെ പാപങ്ങൾ മോചിക്കുവാൻ കഴിഞ്ഞു?

(4) കന്യകാജനനം യേശുവിന്റെ ജീവിതത്തിലെ ആദ്യത്തെ അത്ഭുതമാകകൊണ്ട്, കന്യകാജനനത്തെ നിഷേധിക്കുന്നതു അവന്റെ മറ്റെല്ലാ അത്ഭുതങ്ങളേയും ഒരാൾ നിഷേധിക്കുന്നതായി കാണിക്കുന്നു – ഉയിർത്തെഴുന്നേൽപു നിഷേധിക്കുന്നതും അതിൽ ഉൾപ്പെടുന്നു. കന്യകാജനനത്തെ നിഷേധിച്ചാലുള്ള ഫലവും അതു നിഷേധിക്കുന്നതിനുള്ള കാരണവും അവിശ്വാസമാണ്.

**നല്കപ്പെട്ട സ്തുതി (ലൂക്കൊ. 1:39-56)[35]**

ദൈവം മറിയയുടെ ഒരു ബന്ധുവായ എലീശബെത്തിനേയും സന്ദർശിച്ചു എന്നും, ആ ബന്ധു ഗർഭിണിയായിരിക്കുന്നു എന്നും ഗബ്രീയേൽ പറഞ്ഞു. ദൂതൻ മറിയക്ക് പ്രത്യക്ഷനായ ഉടനെ സെഖര്യാവും എലീശബെത്തും താമസിച്ചിരുന്ന എഴുപതോ എൺപതോ മൈൽ ദൂരത്തിൽ തെക്കു സ്ഥിതി ചെയ്തിരുന്ന പട്ടണത്തിലേക്ക് മറിയ യാത്ര തിരിച്ചു (വാ. 39, 40). തനിക്കു സംഭവിക്കുന്നതു നന്നായി മനസിലാക്കുവാനും തന്നെ അഭിനന്ദിക്കുവാനും തന്റെ സഹോദരിക്കു മാത്രമേ കഴിയൂ എന്നു ഒരുപക്ഷെ അവൾ വിചാരിച്ചുകാണും.

**എലീശബെത്ത് മറിയയെ പുകഴ്ത്തി (വാ. 41-45)**

ദൈവസ്പർശനമേറ്റ രണ്ടു സ്ത്രീകൾ, ഒന്നു പ്രായമുള്ളതും, മറ്റൊന്നു ഒരു യുവതിയും – എന്തൊരു പുനസമാഗമം ആയിരിക്കാം അവരുടേത്! എലീശബെത്ത് മറിയയെ കണ്ടപ്പോൾ, മറിയയെ ദൈവശ്വാസിയമായി പുകഴ്ത്തി: "അവൾ അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞത്, 'സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ, നിന്റെ ഗർഭ ഫലവും അനുഗ്രഹിക്കപ്പെട്ടത്!' " (വാ. 42).

**മറിയ ദൈവത്തെ വാഴ്ത്തി (വാ. 46-56)**

മറിയ ദൈവത്തെ പുകഴ്ത്തിയാണ് അതിനു പ്രതികരിച്ചത്. കഴിഞ്ഞ കാലത്ത് ദൈവം ചെയ്ത കാര്യങ്ങളെ കുറിച്ചു അവൾ പറയുകയും, ഭാവിയിൽ[36] ദൈവം ചെയ്യാനിരിക്കുന്ന വലിയ കാര്യങ്ങളെ അവൾ പ്രതീക്ഷിക്കുകയും ചെയ്തു.

മറിയ മൂന്നു മാസത്തോളം യെഹൂദ്യയിൽ പാർത്തു – അതായതു എലീശബെത്ത് പ്രസവിക്കുവോളം. പിന്നെ അവൾ നസറേത്തിലെ[37] വീട്ടിലേക്ക് മടങ്ങി വന്നു.

## ഒരു പ്രവാചകനെ നല്കി (ലൂക്കൊ. 1:57-80)

**യോഹന്നാന്റെ ജനനം (വാ. 57-79)**

സെഖര്യാവിനും എലീശബെത്തിനും ഒരു കുഞ്ഞുണ്ടായപ്പോൾ, അയൽക്കാരും ബന്ധുക്കളും അവരോടുകൂടെ സന്തോഷിക്കുവാൻ ചെന്നിരുന്നു.

യെഹൂദപ്രമാണമനുസരിച്ചു, ആൺകുഞ്ഞുങ്ങളെ എട്ടാം നാൾ പരിച്ഛേദന കഴിക്കണമായിരുന്നു (ലേവ്യാപുസ്തകം 12:3). പുതിയ ശിശുവിന്റെ പരിച്ഛേദന ആഘോഷിക്കുന്ന സമയത്ത്, ശിശുവിന്റെ അപ്പന്റെ[38] പേരായ “സെഖര്യാവ്” എന്ന പേരിടുവാൻ വീട്ടുകാർ നിർദ്ദേശിച്ചു, എന്നാൽ എലീശബെത്ത് (ദൂതൻ അവളോട് പറഞ്ഞത് ഓർത്തു) പറഞ്ഞു, “തീർച്ചയായും അല്ല; അവന്നു യോഹന്നാൻ എന്നു പേരിടേണം” (വാ. 60). അവർ സെഖര്യാവിനോടു അതിനെ കുറിച്ചു ചോദിച്ചു, എന്നാൽ അവൾ പറഞ്ഞ പേരിനോടു അവനും യോജിക്കയുണ്ടായി. “ഉടനെ അവന്റെ വായും നാവും തുറന്നു, അവൻ സംസാരിച്ചു ദൈവത്തെ സ്തുതിച്ചു” (വാ. 64).

വാക്യങ്ങൾ 68 മുതൽ 79 വരെ വൃദ്ധനായ പുരോഹിതന്റെ ദൈവശ്വാസിയ വാക്കുകൾ നല്കുന്നു. വാക്യങ്ങൾ 68 മുതൽ 75 വരെ തന്റെ ജനത്തോട് നല്കിയ വാഗ്ദാനത്തിനു ദൈവത്തെ പുകഴ്ത്തുന്നതും, വാക്യങ്ങൾ 76 മുതൽ 79 വരെ തന്റെ മകനെ ഉദ്ദേശിച്ചുള്ളതും ആകുന്നു. ശിശുവായ യോഹന്നാനോട് അവൻ പറഞ്ഞു, ‘‘നീയോ, പൈതലേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും; കർത്താവിന്റെ വഴി ഒരുക്കുവാൻ അവനു മുൻപായി നടക്കും’’ (വാ. 76). ദൂതനെ പോലെ, വരുവാനുള്ള മശിഹയുടെ മുന്നോടിയെ കുറിച്ചു പ്രവാചകനായ മലാഖി പ്രവചിച്ചതിൽ നിന്നു സെഖര്യാവ് ഉദ്ധരിച്ച് പറഞ്ഞു.

**യോഹന്നാന്റെ പ്രാരംഭ ജീവിതം (വാ. 80)**

യോഹന്നാന്റെ ആദ്യത്തെ മുപ്പതു വർഷത്തെ അല്ലെങ്കിൽ അതിനോടടുത്ത വർഷങ്ങളിലെ ജീവിതത്തെ കുറിച്ചു ചെറിയ ഒരു വിവരണം വാക്യം 80 നൽകുന്നു: ‘‘പൈതൽ വളർന്നു ആത്മാവിൽ ബലപ്പെട്ടു, അവൻ യിസ്രായേലിന്നു തന്നെത്താൻ കാണിക്കുന്നതുവരെ മരുഭൂമിയിൽ ആയിരുന്നു.’’ ചാവുകടലിന്നു പടിഞ്ഞാറുള്ള യെഹൂദ്യാ മരുഭൂമിയിൽ അങ്ങിങ്ങായി മാത്രമാണ് ജനവാസമുണ്ടായിരുന്നത്.

**ഉപസംഹാരം**

ദൂതന്മാർ മനുഷ്യർക്ക് പ്രത്യക്ഷരായിരുന്നു. സംസാരിക്കുവാൻ ദൈവാത്മാവിനാൽ ആളുകൾക്ക് ദൈവശ്വാസീയശക്തി ലഭിച്ചിരുന്നു. നിശബ്ദതയുടെ[39] നാനൂറു വർഷങ്ങൾ ഭേദിക്കപ്പെട്ടു! “കാലസമ്പൂർണ്ണത” (ഗലാത്യർ 4:4) വന്നു! ക്രിസ്തു വരികയായിരുന്നു!

മശിഹയുടെ ജനനത്തിനായി കാത്തിരുന്നവരുടെ ആവേശം നോക്കുക. യേശു വരുന്നു എന്ന വാർത്തയിൽ അവർ സന്തോഷിച്ചു. ‘‘അവൻ വരികയും – ജീവിക്കയും ചെയ്യുന്നു” എന്നു പറയുമ്പോൾ, നിങ്ങൾക്ക് അതേ സന്തോഷം ലഭിക്കുന്നുണ്ടോ? ആ സംഭവം നിങ്ങളുടെ മനസ്സിൽ ഉണ്ടാക്കിയ സുപരിചിതത്വം മായാൻ അനുവദിക്കാതിരിക്കുക.

യേശുവിന്റെ ജനനത്തെ കേന്ദ്രീകരിച്ചുള്ളതാണ് നമ്മുടെ അടുത്ത പാഠം.

---

കുറിപ്പുകൾ

[1]യോസേഫിനോടു ദൂതൻ സംസാരിക്കുന്നത് (മത്തായി 1:18–25) മറിയയുടെ സന്ദർശനത്തിനും യോഹന്നാന്റെ ജനനത്തിനും ഇടക്കു ചേർക്കാവുന്നതാണ്. ലൂക്കൊസ് 1–ൽ തന്നിരിക്കുന്ന സംഭവങ്ങളോടുകൂടി തുടരുന്നതു പ്രയോജന പ്രദമാണ്. യോജിപ്പിന്റെ അടുത്ത ഭാഗം നമുക്ക് മത്തായി 1:18–ൽ ആരംഭിക്കാം. [2]ലൂക്കൊസ് 1:1–4 നെ കുറിച്ച് ചെറിയ വിമർശനങ്ങൾ നടത്തിയിട്ടുള്ളത് ഈ പുസ്തകത്തിന്റെ ആരംഭത്തിൽ ലൂക്കൊസിന്റെ സുവിശേഷത്തെ കുറിച്ചുള്ള പാഠത്തിൽ കാണാം. [3]ഈ പുസ്തകത്തിൽ ആദ്യം കാണുന്ന യോഹന്നാന്റെ പുസ്തകത്തെ ആസ്പദമാക്കിയുള്ള പാഠത്തിൽ യോഹന്നാന്റെ പ്രത്യേക മുഖവുരയ്ക്ക് അവൻ നൽകുന്ന കാരണം ചർച്ച ചെയ്യുന്നു. [4]യേശു സൃഷ്ടിതാവാണെന്നതിനെ കുറിച്ച്, നോക്കുക യോഹന്നാൻ 1:10; 1 കൊരിന്ത്യർ 8:6; കൊലൊസ്യർ 1:16, 17; എബ്രായർ 1:2. [5]പഴയനിയമത്തിൽ പലപ്പോഴായി സൂചിപ്പിക്കുന്ന ‘‘യഹോവയുടെ ദൂതൻ’’ യേശുക്രിസ്തു ആണെന്നു ചിലർ വിചാരിക്കുന്നുണ്ട് (ഉല്പത്തി 16:7). അത് എല്ലായ്പോഴും ഒരേ ദൂതനാണോ എന്നത് വ്യക്തമല്ല. അങ്ങനെ ആണെങ്കിൽ പോലും, ആ അമാനുഷ വ്യക്തി “ദൈവികത്വത്തിലെ” രണ്ടാമത്തെ അംഗമാ യിരുന്നു എന്നതിനു വ്യക്തമായ തെളിവില്ല. [6]യോഹന്നാൻ 1:1, 14–ൽ “വചനം” എന്നു തർജ്ജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്കാണ് *ലോഗോസ്* എന്നത്. ആ വാക്കിൽനിന്നാണ് ഇംഗ്ലീഷ് വാക്കായ ‘‘ലോജിക്ക്’’ വന്നിരിക്കുന്നത്. “ജീവ*ശാസ്ത്ര*”ത്തിലെന്നപോലെ (ജീവനെ കുറിച്ചുള്ള പഠനം) “എന്നതിന്റെ പഠനം” എന്ന അർത്ഥം ലഭിക്കുവാൻ, അതു മറ്റു വാക്കുകളുമായി യോജിപ്പിച്ചും ഉപയോഗിച്ചിട്ടുണ്ട്. മറ്റ് എഴുത്തുകളിൽ യേശുവിനെ സൂചിപ്പിക്കുവാൻ *ലോഗോസ്* എന്ന വാക്ക് അപ്പൊസ്തലനായ യോഹന്നാനും ഉപയോഗിച്ചിട്ടുണ്ട് (നോക്കുക 1 യോഹന്നാൻ 1:1; വെളിപ്പാട് 1:2; 19:13). യേശുവിനെ ആ വാക്ക് ഉപയോഗിച്ചു പറഞ്ഞ ഏക പുതിയനിയമ എഴുത്തുകാരൻ യോഹന്നാൻ മാത്രമാണ്. [7] “ജഡികം” എന്ന അർത്ഥത്തിന് കെജെവി പലപ്പോഴും ഉപയോഗിച്ചിട്ടുള്ള വാക്ക് “കാർണൽ” എന്നാണ് (റോമർ 7:14). [8]കൂടാതെ നോക്കുക യോഹന്നാൻ 3:19–21. [9]ആത്മീയ ജനനമെന്ന ആശയത്തെ യോഹന്നാൻ 3–ൽ വിപുലമാക്കിയിട്ടുണ്ട്. [10]കെൻ ഗിരെ, *മൊമെന്റ്സ് വിത്ത് ദ സേവിയർ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടെർവാൻ പബ്ളിഷിങ്ങ് ഹൗസ്, 1998), 18.

[11]പഴയനിയമ വംശാവലികളുമായി മത്തായിയുടെ ലിസ്റ്റ് താരതമ്യം ചെയ്യുമ്പോൾ, പല പേരുകളും വിട്ടിരിക്കുന്നതായി കാണാം. ഉദാഹരണത്തിന്, മത്തായി 1:8 പറയുന്നു

"യോരാം ഉസ്സീയാവെ [ജനിപ്പിച്ചു]," എന്നാൽ ഉസ്സീയാവു വാസ്തവത്തിൽ യോരാമിന്റെ വലിയ–വലിയ–പേരക്കുട്ടി ആയിരുന്നു (നോക്കുക 2 രാജാക്കന്മാർ 8:25; 13:1; 14:1, 21). ആ പ്രത്യേക വ്യക്തികളെ എന്തുകൊണ്ടു വിട്ടുകളഞ്ഞു എന്നു നമുക്കറിയില്ല. അവർ ദുഷ്ടരായിരുന്നു, എന്നാൽ അങ്ങനെയുള്ള ചിലർ ലിസ്റ്റിൽ ഉണ്ട് താനും. രണ്ടു വസ്തുതകൾ ഓർമ്മിക്കുക: (1) യെഹൂദന്മാർ വംശാവലിയിലെ ഓരോ വ്യക്തികളെയും കാണിക്കുന്നതിലല്ല, വംശാവലി കാണിക്കുന്നതിലാണ് ശ്രദ്ധിച്ചിരുന്നത്. (2) യെഹൂദന്മാർ ഇഷ്ടപ്പെട്ടത് "സംശുദ്ധ" ലിസ്റ്റാണ്. [12]എഫ്. ലഗാർഡ് സ്മിത്ത്, *ദ നരേറ്റഡ് ബൈബിൾ ഇൻ ക്രോണോളൊജിക്കൽ ഓർഡർ* (യുജീൻ, ഒറേഗ്.: ഹാർവെസ്റ്റ് ഹൗസ് പബ്ളിഷേഴ്സ്, 1984), 1353. [13]ഗിരേ, 19. [14]ചിലർ രണ്ടു ലിസ്റ്റിലേയും സെരുബാബേൽമാർ ഒന്നാണെന്നു വിശ്വസിക്കുന്നില്ല എങ്കിലും, അതിനു വിപരീതമായിരിക്കാം ആ സെരൂബാബേൽ (മത്തായി 1:12; ലൂക്കൊസ് 3:27). [15]യേശു യോസേഫിന്റെ *ജഡപ്രകാരമു*ള്ള മകനായിരുന്നില്ല എന്നാൽ *നിയമപരമായ* മകനായിരുന്നു. യേശുവിന്റെ ഏക പിതാവ് ദൈവമായിരുന്നു. [16]യേശുവിന്റെ ആ രണ്ടുവിധത്തിൽ നോക്കികാണുന്ന വംശാവലികളെ ചിലപ്പോൾ തിരിച്ചറിയുന്നത് *നിയമപര*മായ വംശാവലി എന്നും (യോസേഫിൽ കൂടെ) *രാജകീയമായ* (റോയൽ) വംശാവലി (മറിയയിൽ കൂടെ) എന്നുമാണ്. [17]*എക്ളേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 1. 7. [18]ഈ പുസ്തകത്തിൽ ആദ്യം കാണുന്ന മത്തായിയുടേയും ലൂക്കൊസിന്റെയും പുസ്തകങ്ങളിൽ ഉള്ള ഊന്നലുകളെ കുറിച്ചു പറഞ്ഞിരിക്കുന്നത് നോക്കുക. [19]ഇതിനുള്ള കാരണമെന്തെന്നാൽ, ഒരു നിയമമായി, യെഹൂദന്മാർ സ്ത്രീകളെ വംശാവലികളിൽ ഉൾപ്പെടുത്തിയിരു*ന്നില്ല*. യാദൃശ്ചികമായി ചിലപ്പോൾ സ്ത്രീകളെ സൂചിപ്പിക്കാം (മത്തായി 1:3, 5), എന്നാൽ പിൻഗാമികൾ പുരുഷന്മാരിൽ കൂടെയാണ് പോയിരുന്നത്. [20]ചില തർജ്ജിമകളിൽ "ഏലി" എന്നും മറ്റു ചിലതിൽ "ഹേലി" എന്നുമാണ്. ഒരേ പേര് രണ്ട് വിധത്തിൽ പറയുന്നതാണിത്.

[21]ഏ. റ്റി. റോബെർട്ട്സൺ, *എ ഹാർമണി ഓഫ് ദ ഗോസ്പെൽസ് ഫോർ സ്റ്റുഡന്റ്സ് ഓഫ് ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ന്യൂയോർക്ക്: ഹാർപ്പർ ആന്റ് റോ, 1950), 261. "പുത്രൻ" എന്നതു "നിന്നുള്ള പിൻഗാമി" യെ സൂചിപ്പിക്കാം (മത്തായി 1:1 നോക്കുക). "പുത്രൻ" എന്നതിന്റെ ബൈബിളിലെ മറ്റൊരു അർത്ഥം "മരുമകൻ" എന്നാണ്. ചിലർ ഊഹിക്കുന്നത് ഏലിക്ക് പെൺമക്കൾ മാത്രം ഉണ്ടായിരുന്നു വെന്നാണ്, അതിനർത്ഥം മകനെ പോലെ മരുമകന് അവകാശമുണ്ടെന്നാണ് (നോക്കുക സംഖ്യാപുസ്തകം 27:1–11; 36:1–13). [22]കുറിപ്പ് 14–ൽ പറഞ്ഞതുപോലെ, ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന സെരൂബാ ബേൽമാർ ഒന്നായിരിക്കാം അല്ലെങ്കിൽ അല്ലായിരിക്കാം. [23]മോശെയുടെ നിർദ്ദേശങ്ങൾ അനുസരിച്ച്, ഒരു പുരോഹിതനാകുവാൻ, ആരംഭ മഹാപുരോഹിതനായ, അഹരോന്റെ പിൻഗാമി ആകേണ്ടതുണ്ട് (പുറപ്പാട് 28:1). [24]ബൈബിളിൽ, രണ്ടു ദൂതന്മാരുടെ പേരുകൾ മാത്രമാണ് പറഞ്ഞിരിക്കുന്നത്: ഗബ്രീയേൽ എന്നും (ലൂക്കൊസ് 1:19, 26; നോക്കുക ദാനീയേൽ 8:16; 9:21) മിഖായേൽ എന്നും (യൂദാ 9; വെളിപ്പാട് 12:7; ദാനീയേൽ 10:13, 21; 12:1 നോക്കുക). [25]"ദൂതൻ" എന്ന വാക്ക് ഗ്രീക്കിൽ നിന്നും പദം മാറ്റി ഉപയോഗിച്ചതും അക്ഷരീകമായ അർത്ഥം "സന്ദേശവാഹകൻ" എന്നുമാണ്. [26]ഗബ്രീയേലിന്റെ അറിയിപ്പിൽ, യോഹന്നാൻ "വീഞ്ഞ് അല്ലെങ്കിൽ ലഹരി കുടിക്കയില്ല" എന്നാണ് അവൻ സൂചിപ്പിച്ചത് (ലൂക്കൊസ് 1:15). ഇതിനെ സംഖ്യാപുസ്തകം 6:2, 3–മായി താരതമ്യം ചെയ്യുക. സ്പഷ്ടമായും, ജനനം മുതൽ യോഹന്നാൻ ഒരു നാസീർ വ്രതക്കാരനായിരിക്കണം. ജനനം മുതൽ നാസീർ വ്രതക്കാരായ മറ്റുള്ളവരിൽ ശിംശോനും (ന്യായാധിപന്മാർ 13:3–7) ശമുവേലും ഉൾപ്പെടുന്നു (1 ശമുവേൽ 1:11). [27]ആ മുന്നോടിയെ കുറിച്ചുള്ള പ്രവചനം, മലാഖീ 4:5, 6–ൽ നിന്നാണ് ഗബ്രീയേൽ ഉദ്ധരിച്ചിരിക്കുന്നത്. [28]ഗബ്രീയേൽ പറഞ്ഞ ഉടനെ മറിയ ഗർഭിണിയാണെന്ന് കരുതുകയാണെങ്കിൽ, യോഹന്നാന് യേശുവിനെക്കാൾ ആറുമാസം

പ്രായക്കൂടുതൽ ഉണ്ടെന്നാണ് അതു കാണിക്കുന്നത്. [29]ഒന്നാം–നൂറ്റാണ്ടിലെ ജോസെഫസ് എന്ന യെഹൂദ ചരിത്രകാരൻ ഗലീലിയിലെ 204 പട്ടണങ്ങളെയും ടൗണുകളെയും സൂചിപ്പിച്ചു എന്നാൽ നസറേത്ത് എന്നത് സൂചിപ്പിച്ചിരുന്നില്ല (ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെന്റിൽറ്റണും, *ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* [സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914], 14). താൽമൂദിൽ അറുപത്തി–മൂന്നു ഗലീലിയൻ ടൗണുകളെ പറയുന്നുണ്ട്, എന്നാൽ നസറേത്തിനെ കുറിച്ചു പറയുന്നില്ല. [30]ഒരു നിയമമായി, വിവാഹ നിശ്ചയം കഴിഞ്ഞ് ഒരുവർഷത്തിനുശേഷമാണ് വിവാഹാഘോഷം നടക്കുന്നത്.

[31]ആവർത്തനപുസ്തകം 22:23, 24 വായിക്കുക. മറിയ ഗർഭിണിയാണെന്ന് യോസേഫ് അറിഞ്ഞപ്പോഴുള്ള അവന്റെ അവസ്ഥയെ ഇത് വിശദമാക്കുന്നു (മത്തായി 1:18, 19). [32]പ്രവൃത്തികൾ 13:6 വായിക്കുക. ("ബർ–യേശു" അർത്ഥം "യേശുവിന്റെ മകൻ.") ചില സംസ്കാരങ്ങളിൽ ഇപ്പോഴും "യേശു" എന്ന പേര് സാധാരണമാണ്. (എനിക്ക് "യേശു" എന്ന പേരുള്ള ഒരു ഹിസ്പാനിക് അയൽക്കാരൻ ഒരിക്കൽ ഉണ്ടായിരുന്നു). [33]"കന്യക" എന്നതിനുള്ള സാധാരണ ഗ്രീക്ക് വാക്ക് (*പാർഥെനോസ്*) ലൂക്കൊസ് 1:27–ൽ ഉപയോഗിച്ചിട്ടുണ്ട്. വാക്യം 34–ൽ, മറിയ അക്ഷരികമായി പറഞ്ഞു, "ഞാൻ പുരുഷനെ അറിയായ്കയാൽ" (കെജെവി നോക്കുക). ദൂതൻ മറിയക്ക് പ്രത്യക്ഷനായപ്പോൾ മറിയ കന്യകയായിരുന്നു എന്ന കാര്യത്തിൽ യാതൊരു സംശയവും പാഠം അവശേഷിപ്പിക്കുന്നില്ല. [34]ജോൺ ഫ്രാങ്ക്ളിൻ കാർട്ടറിന്റെ, *എ ലെയ്മാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്* എന്നതിൽ നിന്ന് എടുത്തിട്ടുള്ളതാണ് താഴെ കാണുന്ന കാരണങ്ങൾ (നാഷ്വിലേ: ബ്രോഡ്മാൻ പ്രെസ്, 1961), 41–42. [35]ഈ വേദഭാഗത്തെ കുറിച്ചുള്ള കൂടുതൽ ഉൾക്കാഴ്ച്ചക്കു, ഈ പുസ്തകത്തിൽ പിന്നീടുവരുന്ന "ദൈവം എന്തുകൊണ്ടു മറിയയെ തിരഞ്ഞെടുത്തു," എന്ന പ്രസംഗം നോക്കുക. [36]മറിയയുടെ വാക്കുകളെ ചിലപ്പോൾ *മാഗ്നിഫികാറ്റ്* എന്നു പറഞ്ഞിട്ടുണ്ട് – ലാറ്റിനിൽ, അവളുടെ സ്തുതിഗീതത്തിലെ ആദ്യ വാക്ക് കർത്താവിനെ മഹത്വപ്പെടുത്തുന്നതായിരുന്നു. [37]സ്പഷ്ടമായും, യോഹന്നാൻ ജനിക്കുന്നതിന് തൊട്ടുമുൻപ് അവൾ അവിടം വിട്ടുപോയി. എലീശബെത്തിന്റെ പ്രസവത്തിനായി ബന്ധുക്കൾ എത്തിയപ്പോൾ തന്റെ ഗർഭത്തെ സംബന്ധിച്ചുള്ള ചോദ്യങ്ങൾ ഒഴിവാക്കുവാൻ അവൾ ഒരുപക്ഷെ ആഗ്രഹിച്ചിരിക്കാം. (അവർ മറിയയുടെയും ബന്ധുക്കൾ ആയിരുന്നേക്കാം). [38]ആൺകുട്ടികൾ ജനിച്ച് എട്ടാം നാൾ പരിഛേദന കഴിക്കുമ്പോൾ പേരിടുന്നതായിരുന്നു അക്കാലത്തെ ചടങ്ങ് (നോക്കുക ലൂക്കൊസ് 2:21). [39]"ക്രിസ്തു വന്ന ലോകം" എന്ന പാഠം ഈ പുസ്തകത്തിൽ മുൻപ് വന്നിട്ടുള്ളത് നോക്കുക.